(സി) ആർക്കെല്ലാമാണ് പാക്കേജ് വഴി സഹായങ്ങൾ ലഭിച്ചത്;

(ഡി) എത്തെല്ലാം ധനസഹായങ്ങളാണ് ലഭിച്ചത്; വിശദമാക്കാമോ ?

ഉത്തരം

(എ) നെയ്ത്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് (ആർ. ആർ.ആർ.) പാക്കേജ് നടപ്പിലാക്കി.

(ബി) റിവൈവൽ, റീഫോം, റീ-സ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം പ്രാഥമിക കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31-3-2010 വരെയുള്ള ബാങ്കിലെ കടിശ്ശികയായിട്ടുള്ള 100% വായ്പാ തുകയും 25% പലിശയും തിരിച്ചടക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് നടപ്പാക്കിയത്. സംഘം മെമ്പർമാർക്ക് കൊടുക്കുവാനുള്ള കടിശ്ശികയും ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും പഴയ സ്റ്റോക്കിന്റെ 50% വിലയും നൽകുന്നു.

(സി) ഹാന്റ്ലൂം, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, സ്വകാര്യ നെയ്ത്തുകാർ എന്നിവർക്കാണ് പാക്കേജ് വഴി സഹായം ലഭിച്ചത്.

(ഡി) പ്രാഥമിക കൈത്തറി സംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും സ്വകാര്യ നെയ്ത്തുകാരുടെയും 31-3-2010- ന് കടിശ്ശികയായിട്ടുള്ള വായ്പാ തുകയുടെ 100%, പലിശയുടെ 25% (നോൺ പെർഫോമിംഗ് അസെറ്റ് ആയ തീയതി വരെയുള്ള) എന്നിവ തിരിച്ചടയ്ക്കുന്നതിനും സംഘങ്ങളിലെ മെമ്പർമാർക്ക് നൽകാനുള്ള കടിശ്ശിക, ഡെഡ് സ്റ്റോക്കിന്റെ മുഴുവൻ വിലയും പഴയ സ്റ്റോക്കിന്റെ വിലയുടെ 50% എന്നീ ആവശ്യങ്ങൾക്കുള്ള ധനസഹായങ്ങളുമാണ് നൽകി യിട്ടുള്ളത്.

സ്മാർട്ട് സിറ്റി പ്രവർത്തനം സജ്ജമാക്കാൻ നടപടി

183 (4765) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നത് ; എത്രത്തോളം നിർമ്മാണമാണ് ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത് ; നിർമ്മാണം പൂർത്തീകരിക്കുമ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് സ്മാർട്ട് സിറ്റിയിൽ ഉണ്ടാവുക മുതലായവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനോടകം എത്ര കമ്പനികളാണ് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി ഇവിടെ തെരഞ്ഞെടുത്തതെന്നും എത്ര പേർക്ക് തൊഴിൽ ലഭ്യമായി എന്നും വിശദമാക്കുമോ ;

(സി) മറ്റ് ഏതൊക്കെ വ്യവസായ സംരംഭങ്ങളാണ് ഇവിടെ ആരംഭിക്കാൻ സ്മാർട്ട് സിറ്റി കമ്പനിയുമായി ധാരണയിലെത്തിയിട്ടുള്ളതെന്നും ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സ്മാർട്ട് സിറ്റിയുമായി സർക്കാർ അന്തിമ കരാറിൽ ഒപ്പിട്ടത് 13-5-2007-ൽ ആണ്. കരാർ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടു കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിൽ 2013 ജൂലൈ മാസം തുടങ്ങിയ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള 7 നില കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഈ കെട്ടിടത്തിന്റെ 40% ത്തോളം വർക് സ്പേസ് ഐ.ടി. കമ്പനികൾ തിരഞ്ഞെടുത്തിട്ടുണ്ട്. സ്മാർട്ട് സിറ്റി നിർമ്മാണം പൂർത്തീകരിക്കുമ്പോൾ കരാർ പ്രകാരം 70% സ്ഥലത്ത് ഐ.ടി/ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതുണ്ട്. കൂടാതെ ഇന്റർനാഷണൽ സ്കൂൾ, ഹോസ്പിറ്റാലിറ്റി സർവ്വീസ്, ടെയിനിങ് സെന്റർ, ആശുപത്രി, മാൾസ്, പാർപ്പിട സമുച്ചയങ്ങൾ, ബാങ്കിങ്, ഫുഡ് കോർട്ടുകൾ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ, കാർ പാർക്കിങ് എന്നീ സൗകര്യങ്ങളും സ്മാർട്ട് സിറ്റിയിൽ ഉണ്ടായിരിക്കുന്നതാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) 12 കമ്പനികൾ. ഈ കമ്പനികൾ അവരുടെ fit out ജോലികൾ ഓഗസ്റ്റ് മാസത്തോടുകൂടി ആരംഭിക്കുന്നതാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് സിറ്റി കമ്പനിയുമായി ധാരണയിലെത്തിയിട്ടുള്ള മറ്റ് സംരംഭങ്ങൾ ഇന്റർനാഷണൽ സ്കൂൾ, ഹോസ്പിറ്റാലിറ്റി സർവ്വീസ്, ടെയിനിങ് സെന്റർ, ആശുപത്രി, മാൾസ്, പാർപ്പിട സമുച്ചയങ്ങൾ മുതലായവയാണ് എന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly